# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIV - JK 102** **2026 May 10** **No. 6**


## CIRCULAR -9

# കെആർഎൽസിസി രജതജൂബിലി

## രജതപ്രഭയിൽ ഉണർന്ന് പ്രകാശിക്കാം

## പ്രേഷിതത്വം - വികസനം - വിമോചനം

**രജതജൂബിലിയോടനുബന്ധിച്ച് കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സംയുക്ത ഇടയലേഖനം.**

കേരളത്തിലെ ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ഏകോപനത്തിനും നയരൂപീകരണത്തിനും വേണ്ടി രൂപംകൊണ്ട സംസ്ഥാന തല പങ്കാളിത്ത അജപാലന സംവിധാനമാണ് കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ അഥവാ കെ.ആർ.എൽ.സി.സി. പുണ്യശ്ലോകനായ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെയും തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനായിരുന്ന, ഇപ്പോൾ വിശ്രമ ജീവിതം നയിക്കുന്ന അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെയും നേതൃത്വത്തിൽ 2002 മെയ് 24 നാണ് കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സമിതി ഈ മഹത് സംരംഭത്തിന് തുടക്കം കുറിച്ചത്. സിനഡാത്മക സഭയെന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള കേരള

ലത്തീൻ സഭയുടെ പ്രധാനപ്പെട്ട ചുവടുവയ്പായിരുന്നു കെആർ എൽസിസിയുടെ രൂപീകരണം. 'സഭാസമൂഹത്തിന്റെ നവീകരണവും സമുദായത്തിന്റെ ശക്തീകരണവു'മാണ് കെ.ആർ.എൽ.സി.സിയുടെ ലക്ഷ്യം. ഏകോപനം, പങ്കാളിത്തം, ശക്തീകരണം എന്നിവ വഴിയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

കേരളത്തിലെ ലത്തീൻ കത്തോലീക്ക സമൂഹത്തെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്ത കെ.ആർ.എൽ.സി.സി വളർച്ചയുടെ, വിജയത്തിന്റെ, മുന്നേറ്റത്തിന്റെ മഹിതമായ 25വർഷങ്ങൾ പൂർത്തിയാക്കുകയാണ്. രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം 2026 മെയ് 17 ന് കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളജിൽവച്ചാണ്. രജതജൂബിലിയുടെ സർവനന്മകളും ആശംസകളും ഹൃദയപൂർവം നേർന്നുകൊണ്ട് 2026 മെയ് 17 മുതൽ 2027 മെയ് 24 വരെ ഒരു വർഷം നീണ്ടുനിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങളിലേക്ക് നിങ്ങളേവരെയും സാദരം ക്ഷണിക്കുന്നു.

'രജതപ്രഭയിൽ ഉണർന്ന് പ്രകാശിക്കാം: പ്രേഷിതത്വം - വികസനം - വിമോചനം' എന്നതാണ് രജതജൂബിലി ആഘോഷങ്ങളുടെ ആപ്തവാക്യം. ഉറക്കം വിട്ട് ഉണരുവാനും (എഫേ 5:14) ഉണർന്ന് പ്രശോഭിക്കുവാനും (ഏശയ്യ 60:1) പ്രേഷിത തീക്ഷ്ണതയോടെ ഏവരുടെയും വികസനത്തിനും വിമോചനത്തിനുമായി ഒരുമിച്ച് പ്രവർത്തിക്കുവാനും ഈ ജൂബിലി വർഷം നമ്മളെ ആഹ്വാനം ചെയ്യുന്നു.

തനിമയാർന്ന പൈതൃകവും ചരിത്രവും സ്വന്തമായിട്ടുള്ള കേരളത്തിലെ ലത്തീൻ കത്തോലിക്കർ ആധുനിക കേരളത്തിന്റെ രൂപപ്പെടലിനായി മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസം, ആതുരശുശ്രൂഷ, അച്ചടി, മലയാള വ്യാകരണം, നിഘണ്ടു നിർമ്മാണം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ പൊതുസമൂഹത്തിനു വഴികാട്ടിയാകാൻ ലത്തീൻ സഭയ്ക്ക് സാധിച്ചിട്ടുണ്ട്. 1599 ലെ ഉദയംപേരൂർ സൂനഹദോസ് ജാതി വിവേചനങ്ങൾക്കും അയിത്താചരത്തിനുമെതിരെ പുറപ്പെടുവിച്ച ധീരമായ തീരുമാനങ്ങളും നിലപാടുകളുമാണ് പിന്നീട് ഇന്ത്യയുടെ പ്രത്യേകിച്ച് കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിനും മുന്നേറ്റത്തിനും വഴിതെളിച്ചത് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

സാമൂഹിക മുന്നേറ്റത്തിനും സാമുദായിക ശക്തീകരണത്തിനും വേണ്ടി കഴിഞ്ഞ 25 വർഷങ്ങളിൽ നടത്തിയ പ്രധാനപ്പെട്ട ചില ഇടപെടലുകൾ അനുസ്മരിക്കുന്നത് ഉചിതമാണ്. ലത്തീൻ സമുദായം എന്ന നിലയിൽ നമ്മൾ ഏകസമൂഹമാണെന്ന് പ്രഖ്യാപിക്കുന്ന ലത്തീൻ കത്തോലിക്ക ദിനാഘോഷം (2003), നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സെക്രട്ടേറിയറ്റ് നടയിൽ സ്പെഷൽ റിക്രൂട്ട്മെന്റിനായി 25000 പേരുടെ ധർണ്ണ (2004), രാഷ്ട്രീയ മുന്നേറ്റത്തിനും ഏകോപന ത്തിനുമായി രാഷ്ട്രീയകാര്യസമിതിയുടെ രൂപീകരണം (2005), നമ്മുടെ ഒരുമയുടെയും ഐക്യത്തിന്റെയും നിലപാടുകളുടെയും സ്വരമായി ജീവ നാദം വാരികയുടെ ആരംഭം(2005), എറണാകുളം മറൈൻ ഡ്രൈവിൽ 100000 പേരെ പങ്കെടുപ്പിച്ച ലത്തീൻ കത്തോലിക്ക മഹാസംഗമവും 27 ഇന അവകാശപത്രിക സമർപ്പണവും (2011), തീരദേശ സംരക്ഷണ ത്തിനും വികസനത്തിനുമായി കണ്ണൂർ മുതൽ നെയ്യാറ്റിൻകരവരെ ജനജാഗരണജാഥയും സമുദായസംഗമവും (2014), ലത്തീൻ സമുദായ ത്തിലെ പ്രഗത്ഭരെയും പ്രതിഭകളെയും ആദരിച്ചുകൊണ്ടുള്ള കെആർ എൽസിസി അവാർഡുകളുടെ ആരംഭം (2014), സാമൂഹിക നീതിയു ടെയും രാഷ്ട്രീയമുന്നേറ്റത്തിന്റെ ഭാഗമായി സുൽത്താൻപേട്ട് രൂപത യിൽ വടകരപതിയിലെ ഇടപെടലുകൾ (2015), ബിസിസി ശക്തീകര ണവും പ്രേഷിതമുന്നേറ്റവും ലക്ഷ്യംവച്ചുകൊണ്ടുള്ള മിഷൻ കോൺ ഗ്രസ്സും ബിസിസി കൺവെൻഷനും (2017), ജസ്റ്റീസ് ജെ ബി കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനായി സമുദായത്തിന്റെ സാമൂ ഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിച്ച് നടത്തിയ ശാസ്ത്രീയ മായ നിജസ്ഥിതിപഠനം (2021) മൂലമ്പിള്ളി മുതൽ വിഴിഞ്ഞം വരെ അധിനിവേശങ്ങൾക്കെതിരായും ശാശ്വതമായ പുനരധിവാസത്തി നായും നടത്തിയ ജനബോധനയാത്ര (2022), തീരദേശ സംരക്ഷണ ത്തിനും കടൽഭിത്തി നിർമ്മാണത്തിനും വേണ്ടിയുള്ള ഇടപെടലുകൾ (2022 – 2025), ആഗോള സഭയിലെ സിനഡാത്മക സഭാ പ്രവർത്തനങ്ങ ളിലെ സജീവപങ്കാളിത്തം (2022– 2023), സമനീതി, രാഷ്ട്രീയ മുന്നേറ്റം, അധികാരത്തിൽ പങ്കാളിത്തം എന്നീ ലക്ഷ്യത്തോടെ രൂപതാ തലങ്ങളിലും (2023), ഇടവകതലങ്ങളിലും (2024) നടത്തിയ ജനജാഗര സംഗമങ്ങൾ, സമുദായസർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാ രത്തിനായുള്ള ഇടപെടലുകൾ (2025).

സഭാസമൂഹമെന്ന നിലയിൽ പൊതുസമൂഹത്തിൽ അഭിമാനകരമായ അസ്ഥിത്വവും അംഗീകാരവും കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയ്ക്കു ലഭിക്കുന്നുണ്ട്. എന്നാൽ ഒരു സമുദായം എന്ന നിലയിൽ ലത്തീൻ കത്തോലിക്കരുടെ അവസ്ഥ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണു കെ.ആർ.എൽ.സി.സി. യുടെ പ്രവർത്തന പരിപാടിയിൽ സമുദായശക്തീകരണത്തിനു വലിയ പ്രാധാന്യം നൽകിയിരിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണു ഇരുപത്തിനാലു കമ്മീഷനുകൾക്കും അവയെ ഏകോപിപ്പിച്ചുകൊണ്ട് ആറ് ശുശ്രൂഷാ സമിതികൾക്കും രൂപം നല്കിയിട്ടുള്ളത്. ഏറ്റവും താഴെത്തട്ടിലുള്ള അടിസ്ഥാനക്രൈസ്തവസമൂഹങ്ങൾ (ബിസിസി/കുടുംബയൂണിറ്റുകൾ) അടിസ്ഥാനമാക്കി യാണു ഈ ശുശ്രൂഷാസമിതികൾ പ്രവർത്തിച്ചുവരുന്നത്. ഈ സമിതികളിൽ അജപാലന ശുശ്രൂഷാ സമിതിയൊഴികെയുള്ള എല്ലാ സമിതികളും സമുദായ ശക്തീകരണത്തെയാണു ലക്ഷ്യം വയ്ക്കുന്നത്.

"ശക്തീകരണം" എന്ന പദം മലയാള ഭാഷയിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ട് അധിക കാലമായില്ല. "എംപവർമെന്റ്" (empowerment) എന്ന ഇംഗ്ലീഷ് പദത്തിന്റെ മലയാള രൂപമാണു ശക്തീകരണം എന്ന പദം. ഒരു വിധത്തിൽ പറഞ്ഞാൽ ശക്തിയുടെ പ്രയോഗത്തിലൂടെയാണു അധികാരം കരഗതമാകുകയുള്ളു. അങ്ങിനെ വരുമ്പോൾ അധികാരം കൈവരിക്കാനുള്ള ആദ്യപടി ശക്തി ആർജ്ജിക്കുകയെന്നതാണെന്നു വരുന്നു. ശക്തിയില്ലാത്തവർക്ക് ലഭിക്കുന്ന അധികാരം സാധാരണയായി ആരുടെയെങ്കിലും, ഔദാര്യത്താൽ കിട്ടുന്നതായതിനാൽ അതിനു തുടർച്ചയോ സ്ഥിരതയോ ഇല്ലാതെ വരുന്നു. ആഗോളീകരണത്തിന്റെ കാലത്ത് ശക്തിയും കരുത്തുമുള്ളവർക്ക് മാത്രമേ സമൂഹത്തിന്റെ മുഖ്യധാരയിൽ നിലനിൽക്കാനാകു. ഇതുമൂലം ശക്തിയില്ലാത്തവർ, എന്തൊക്കെ ഭരണഘടനാപരമായ പരിരക്ഷകൾ ഉണ്ടെങ്കിൽപോലും, പ്രാന്തവൽകൃതരായി മാറ്റപ്പെടുന്നു എന്നതാണു അനുഭവം. സാമുദായികമായ ശക്തീകരണമാണ് അധികാരത്തിൽ പങ്കാളിത്തം ലഭിക്കാനുള്ള ആദ്യപടി.

സമുദായവൽക്കരണ പ്രക്രിയയുടെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണു പ്രബുദ്ധതയും സംഘടനാശക്തിയും. സമുദായ തലത്തിൽ

പ്രബുദ്ധതയും പ്രതിജ്ഞാബദ്ധതയുമുള്ള അൽമായ നേതാക്കന്മാരുടെ രൂപീകരണം പ്രഥമവും പ്രധാനപ്പെട്ടതുമായ കാര്യമാണ്. ജനങ്ങളുടെ സാമൂഹിക, സാമ്പത്തീക, രാഷ്ട്രീയ പൗരവകാശങ്ങൾ സംരക്ഷിക്കാനും നേടിയെടുക്കാനുമുള്ള മുന്നേറ്റങ്ങളിലൂടെ സമുദായ സംഘടനകൾ ശക്തിപ്പെടണം. ജനാധിപത്യസമൂഹത്തിൻ ഒരു ജനവിഭാഗം സമാഹരിക്കുന്ന സംഘാതശക്തിയും അതുവഴി ആർജിക്കുന്ന വിലപേശൽ മൂല്യവും അതീവ പ്രാധാന്യമുള്ളതാണ്. നമ്മുടെ സാമൂഹിക സമുദായ സംഘടനകൾ സജീവമായ പ്രവർത്തനങ്ങളിലൂടെ ശക്തരാകുകയും ഈ ദൗത്യം ഏറ്റെടുക്കുകയും വേണം. സംഘടിച്ച് ശക്തരാകുന്നതിന് സമുദായ സംഘടനകൾക്ക് ആവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുകയും വേണം.

കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ മഹിത പാരമ്പര്യവും സമ്പന്നമായ സംസ്കാരവും തിരിച്ചറിഞ്ഞ് സ്വതബോധത്തിലും ആത്മാഭിമാനത്തിലും ഭാവി തലമുറയെ രൂപപ്പെടുത്തണം. മാനവ വികസനത്തിലേക്കുള്ള ഏകവഴി വിദ്യാഭ്യാസമാണെന്നു തിരിച്ചറിഞ്ഞ് ഗുണമേന്മയേറിയതും കാലികപ്രസക്തവുമായ വിദ്യാഭ്യാസം കരഗതമാക്കുവാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിന് സഭാ സംവിധാനങ്ങളും സമുദായ സംഘടനകളും പരിശ്രമിക്കണം. യുവജന പ്രവർത്തനങ്ങളെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കാനും അവരുടെ നേതൃത്വത്തെ അംഗീകരിക്കാനും സഭാ സമൂഹം തയ്യാറാകണം.

രജതജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2026 മെയ് 17 ഞായറാഴ്ച രാവിലെ 10.30 നു കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളേജ് ക്യാമ്പസിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ നടക്കും. തുടർന്ന് സാമൂഹിക മുന്നേറ്റത്തിനും സാമുദായിക ശക്തീകരണത്തിനും ഉതകുന്ന വിവിധ സംഗമങ്ങൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സംഘടിപ്പിക്കും. ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പരിപാടികൾ 2027 മെയ് 24 നു എറണാകുളത്തു നടക്കുന്ന മഹാസമ്മേളനത്തോടെയാണ് സമാപിക്കുന്നത്.

2026 മെയ് 24-ാം തീയതിയാണ് ഇടവകതലത്തിൽ കെആർഎൽസിസിയുടെ രജതജൂബിലി ഉദ്ഘാടനപരിപാടികൾ സംഘടിപ്പിക്കുന്നത്. പെന്തക്കുസ്താ തിരുനാൾദിനമായ അന്ന് സഭയുടെയും സമു

ദായത്തിന്റെയും നവീകരണവും മുന്നേറ്റവും എന്ന ലക്ഷ്യത്തോടെ ഇടവകയിലെ അൽമായശുശ്രൂഷാസമിതിയുടെ നേതൃത്വത്തിൽ വിവിധ അല്മായ സംഘടനകളുടെ സഹകരണത്തോടെ ദിവ്യബലിക്ക് നേതൃത്വം നൽകുകയും കെആർഎൽസിസി പതാക ഉയർത്തുകയും ഉചിതമായ മറ്റു പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ഏകോപനം, പങ്കാളിത്തം, ശക്തീകരണം എന്ന ലക്ഷ്യത്തോടെ ഒന്നിച്ച് ധീരമായി നമുക്ക് മുന്നേറാം. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥരായ വി. പത്രോസിന്റെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും മാദ്ധ്യസ്ഥ സഹായവും സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹ സമൃദ്ധിയും നിങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി,

**✠വർഗീസ് ചക്കാലക്കൽ**
പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി
കോഴിക്കോട് അതിരൂപത മെത്രാപ്പോലീത്ത

**✠സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
വൈസ് പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി
വിജയപുരം രൂപതാമെത്രാൻ

**✠ക്രിസ്തുദാസ് ആർ.**
സെക്രട്ടറിജനറൽ, കെആർഎൽസിബിസി
തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ

**✠ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത

---

N.B.: **ഈ സംയുക്ത ഇടയലേഖനം 2026 മെയ് 17 – ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

# CIRCULAR -10

# 60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമദിനാചരണം

## (2026 മെയ് 17)

## കെ.സി.ബി.സി. മീഡിയ കമ്മീഷൻ സർക്കുലർ

## 'മനുഷ്യശബ്ദങ്ങളെയും മുഖങ്ങളെയും സംരക്ഷിക്കുക'

**ലിയോ പതിനാലാമൻ പാപ്പ**

പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

2026 മെയ് 17 ഞായറാഴ്ച, ആഗോള സഭ 60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം ആഘോഷിക്കുന്നു. പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയുടെ 60-ാമത് ലോക സാമൂഹ്യ സമ്പർക്ക മാധ്യമദിന സന്ദേശം നാം ഏവരേയും ഗൗരവകരമായ ചില ചിന്തകളിലേക്കാണ് ക്ഷണിക്കുന്നത്. ലിയോ പതിനാലാമൻ പാപ്പ വിഭാവനം ചെയ്ത 'മനുഷ്യശബ്ദങ്ങളെയും മുഖങ്ങളെയും സംരക്ഷിക്കുക' എന്ന പ്രമേയത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാൻ ഈ സന്ദർഭം നമ്മെ ക്ഷണിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും പുതിയ സാങ്കേതിക വിദ്യകളും വളരുന്ന ഈ ഡിജിറ്റൽ യുഗത്തിൽ, സത്യത്തിലും ബന്ധങ്ങളിലും അധിഷ്ഠിതമായ ആശയവിനിമയത്തിന്റെ പവിത്രത ഉയർത്തിപ്പിടിക്കാൻ ഈ പ്രമേയം നമ്മോട് ആവശ്യപ്പെടുന്നു.

ഓരോ മനുഷ്യമുഖവും ശബ്ദവും ദൈവത്തിന്റെ പ്രതിച്ഛായയാണെന്നും അത് സവിശേഷമായ ഒരു വ്യക്തിത്വം വഹിക്കുന്നുവെന്നും പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. വാർത്താവിനിമയം എന്നത് കേവലം വിവരങ്ങൾ കൈമാറലല്ല, മറിച്ച് വ്യക്തികൾ തമ്മിൽ ആഴത്തിലുള്ള കൂടിക്കാഴ്ചയാണ്. ഡിജിറ്റൽ ഉപകരണങ്ങൾ മനുഷ്യസാന്നിധ്യത്തെ അനുകരിക്കുമ്പോൾ, ആശയവിനിമയത്തിന്റെ ആഴവും ഉത്തരവാദിത്തവും നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന് പാപ്പ മുന്നറിയിപ്പ് നൽകുന്നു.

ദൈവത്തിന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മുഖവും ശബ്ദവും ആ വ്യക്തിയുടെ സവിശേഷമായ സ്വത്വ മാണ്. എന്നാൽ കൃത്രിമ ബുദ്ധി (AI) പോലുള്ള നൂതന സംവിധാന ങ്ങൾ മനുഷ്യസ്വരങ്ങളെയും മുഖങ്ങളെയും അനുകരിക്കുകയും, യഥാർത്ഥ ബന്ധങ്ങളെക്കാൾ ഉപരിയായി അൽഗോരിതങ്ങൾ നിശ്ചയി ക്കുന്ന വൈകാരിക പ്രതികരണങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ, സാങ്കേതിക വിദ്യയ്ക്ക് അടിമപ്പെടാതെ, മനുഷ്യത്വവും ധാർമ്മികതയും മുറുകെ പ്പിടിച്ചുകൊണ്ട് ആശയവിനിമയ രംഗത്ത് പ്രവർത്തിക്കാൻ നാം കടപ്പെട്ടവരാണ്.

നമുക്ക് ചുറ്റുമുള്ള ഡിജിറ്റൽ ലോകത്തെ വിവേകത്തോടെ സമീപിക്കാനും, അപരന്റെ അന്തസ്സിനെ മാനിക്കുന്ന ഒരു സംവേദന സംസ്കാരം വളർത്തിയെടുക്കാനും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

## വാർത്താവിനിമയ ദിനാചരണം: മാർഗനിർദ്ദേശങ്ങൾ

രൂപതകളിലും ഇടവകകളിലും ഈ ദിനം അർത്ഥവത്തായി ആഘോഷിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ താല്പര്യപ്പെടുന്നു:

1. ബോധവൽക്കരണ സെമിനാറുകൾ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), സോഷ്യൽ മീഡിയ അൽഗോരിതം എന്നിവ എങ്ങനെ നമ്മുടെ ചിന്തകളെയും ബന്ധങ്ങളെയും സ്വാധീനി ക്കുന്നു എന്നതിനെക്കുറിച്ച് യുവജനങ്ങൾക്കും അധ്യാപകർക്കും കുട്ടികൾക്കും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

2. മീഡിയ ലിറ്ററസി (മാധ്യമ സാക്ഷരത): വ്യാജ വാർത്തകളെ (Fake News) തിരിച്ചറിയാനും ഡിജിറ്റൽ ലോകത്തെ ചതിക്കുഴി കളിൽ വീഴാതെ സത്യസന്ധമായ വിവരങ്ങൾ പങ്കു വെക്കാ നുമുള്ള പരിശീലനം നൽകുക.

3. ഡിജിറ്റൽ ഉപവാസം: മെയ് 17-ന് ഇടവകാംഗങ്ങൾ അനാവശ്യ മായ ഇന്റർനെറ്റ് ഉപയോഗം ഒഴിവാക്കി, നേരിട്ടുള്ള കുടുംബ

സംഭാഷണങ്ങൾക്കും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുക.

4. കലാ-സാഹിത്യ മത്സരങ്ങൾ: 'മനുഷ്യനും സാങ്കേതിക വിദ്യയും' എന്ന വിഷയത്തിൽ കുട്ടികൾക്കായി ഉപന്യാസ മത്സരങ്ങൾ, പോസ്റ്റർ ഡിസൈനിംഗ്, ഷോർട്ട് ഫിലിം മത്സരങ്ങൾ എന്നിവ നടത്തുക.

സഭയുടെ മാധ്യമ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി എല്ലാ വർഷവും ലോക വാർത്താ വിനിമയ ദിനത്തിൽ ശേഖരിക്കുന്ന സ്തോത്രകാഴ്ച അതീവ പ്രാധാന്യമുള്ളതാണ്. **2026 മെയ് 17 ഞായറാഴ്ച കേരളത്തിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ ശേഖരിക്കുന്ന പ്രത്യേക സ്തോത്രകാഴ്ച, അതത് രൂപതാ കേന്ദ്രങ്ങൾ വഴി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (KCBC) മീഡിയ കമ്മീഷനിലേക്ക് എത്തിക്കേണ്ടതാണ്.**

പ്രാർത്ഥനാപൂർവ്വം,

ക്രിസ്തുവിൽ വിശ്വസ്തതയോടെ,

**✠ആന്റണി മാർ സിൽവാനോസ്**
ചെയർമാൻ, കെ സി ബി സി മീഡിയ കമ്മീഷൻ

**✠അമ്പ്രോസ് പുത്തൻവീട്ടിൽ**
വൈസ് ചെയർമാൻ, കെ സി ബി സി മീഡിയ കമ്മീഷൻ

**✠മാർ റെമെജിയോസ് ഇഞ്ചനാനിയിൽ**
വൈസ് ചെയർമാൻ, കെ സി ബി സി മീഡിയ കമ്മീഷൻ

---

N.B.: **ഈ സർക്കുലർ 2026 മെയ് 17-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

## NOTIFICATION - 6

### ANNUAL RETREAT FOR PRIESTS
**( July 19 - July 31, 2026)**

Dear Reverend Fathers,

The Annual Retreat for the priests of our Archdiocese will be conducted in Ashirbhavan, Ernakulam, as usual in two sessions in the order given below. The first session of the retreat will begin in the evening of July 19-24, 2026 and the second in the evening of July 26 - July 31, 2026.

**Rev. Fr. Johnson Mudavassery OCD** has kindly consented to preach the retreat.

**Please note your name in the list and in case there is a serious reason for you to change from one batch to the other, please inform Archdiocesan Curia latest by June 30, 2026.**

The Rev. Parish Priests, who leave their parish for the annual retreat, during their absence, shall entrust the care of the parish either to the Assistant Priest, if there is one, or to the priests of the neighbouring parish. I hereby grant necessary faculties to such priests as far as they may need.

The Rev. Fathers may inform the faithful about the annual retreat of the clergy and exhort them to pray for the sanctification of their pastors and all the priests of the Archdiocese.

In accordance with Canon 958§2 the Mass intention books are to be inspected by the Ordinary. Hence all the Rev. Fathers are requested to present their Mass Diaries during the days of retreat for examination. Rev. Fathers whose faculties for hearing confessions expired are hereby reminded to get their faculties duly extended without any break.

With cordial blessings,

Ernakulam<br>10.05.2026

✠ **Joseph Kalathiparambil**<br>Archbishop of Verapoly

# ANNUAL RETREAT 2026

## JULY 19 - 24

**First Batch**

1. Rev. Msgr Mathew Kallinkal
2. Rev. Fr. Ebigin Arackal
3. Rev. Msgr Joseph Etturuthil
4. Rev. Msgr. Sebastian Luiz
5. Rev. Fr. Alan Antony Puthiyakulangara
6. Rev. Fr. Alphonse Panakal
7. Rev. Fr. Amal Antony Maliyakkal
8. Rev. Fr. Antony Anand Mannalil
9. Rev. Fr. Antony Bibu Kadamparambil
10. Rev. Fr. Antony Cheriakadavil
11. Rev. Fr. Antony Dominic Figarado
12. Rev. Fr. Antony Francis Manaparambil
13. Rev. Fr. Antony Koppandussery
14. Rev. Fr. Antony Lijo Odathakal
15. Rev. Fr. Antony Mulloor
16. Rev. Fr. Antony Raphael Komaranchath
17. Rev. Fr. Antony Thoppil
18. Rev. Fr. Antony Vacko Arackal
19. Rev. Fr. Ashique Lenin Mukkath
20. Rev. Fr. Augustine Isaac Kurisinkal
21. Rev. Fr. Benson George Alappatt
22. Rev. Fr. Bevin Thomas Kalloor
23. Rev. Fr. Binil Sebastian Palliparambil
24. Rev. Fr. Charles Lopez

25. Rev. Fr. Clement Valluvassery
26. Rev. Fr. Colin Pulickal
27. Rev. Fr. Denny Mathew Peringat
28. Rev. Fr. Dominic Kanappilly
29. Rev. Fr. Douglas Pinheiro
30. Rev. Fr. Ebin Vivera Thekkekanissery
31. Rev. Fr. Edison Joseph Villanassery
32. Rev. Fr. Emmanuel Azure Alex Panakkal
33. Rev. Fr. Felix Chackalackal
34. Rev. Fr. Fostin Fernandez Janmaparambil
35. Rev. Fr. Francis Dixon Fernandez
36. Rev. Fr. Francis D'Silva
37. Rev. Fr. Francis Marottikaparambil
38. Rev. Fr. George Arackal
39. Rev. Fr. George Jithu Vattappilly
40. Rev. Fr. George Joseph Thoundayil
41. Rev. Fr. George Kalathiparambil
42. Rev. Fr. George Mangalath
43. Rev. Fr. George Romio Puthenpurakal
44. Rev. Fr. George Sequeira
45. Rev. Fr. Jacob Baiju Ben Pashniparambil
46. Rev. Fr. James Shaiju Thoppil
47. Rev. Fr. Jerome Chamminikodath
48. Rev. Fr. Jibu Varghese Thaithara
49. Rev. Fr. Jiju Cleetus Thiyadi
50. Rev. Fr. Jipson Thomas Chanayil
51. Rev. Fr. John Capistan Lopez
52. Rev. Fr. John Kanakassery

53. Rev. Fr. Johnson D'Cunha
54. Rev. Fr. Jolly John Odathackal
55. Rev. Fr. Jomy Sijo Padanilath
56. Rev. Fr. Jose Thannipilly
57. Rev. Fr. Joseph Panikkassery
58. Rev. Fr. Joseph Sherin Chemmayath
59. Rev. Fr. Joseph Thattarassery
60. Rev. Fr. Joseph Vibin Choothamparambil
61. Rev. Fr. Josy Joseph Kochappilly
62. Rev. Fr. Judis Panakal
63. Rev. Fr. Lazer Sinto Thaiparambil
64. Rev. Fr. Leneesh Jose Manakil
65. Rev. Fr. Lijo Joshy Puliparambil
66. Rev. Fr. Lijo Peter Kannoth
67. Rev. Fr. Manuel Kuthukatt
68. Rev. Fr. Marydas Kochery
69. Rev. Fr. Mathew D'Cunha
70. Rev. Fr. Mathew Jomson Thottunkal
71. Rev. Fr. Midhun Joseph Chemmayath
72. Rev. Fr. Midhun Paul Cheriyil
73. Rev. Fr. Patrick Elavunkal
74. Rev. Fr. Paul Thundiyil
75. Rev. Fr. Paulson Simethy
76. Rev. Fr. Peter Kochuveettil
77. Rev. Fr. Philip Thaiparambil
78. Rev. Fr. Prince Xavier Kannothuparambil
79. Rev. Fr. Raphael Kalluveettil

80. Rev. Fr. Robinson Panackal
81. Rev. Fr. Rockey Kollamparambil
82. Rev. Fr. Rockey Thengapurackal
83. Rev. Fr. Rony Joseph Manakil
84. Rev. Fr. Roshan Raphael Neissery
85. Rev. Fr. Sabu Nedunilath
86. Rev. Fr. Sarath Jose Panakkal
87. Rev. Fr. Savio Antony Thekkepadath
88. Rev. Fr. Sebastian Joby Aseethuparambil
89. Rev. Fr. Sebastian Karukappilly
90. Rev. Fr. Sebastian Moonukoottungal
91. Rev. Fr. Sebastian Oliparambil
92. Rev. Fr. Sebastian Vattaparambil
93. Rev. Fr. Shamil Joseph Thykkoottathil
94. Rev. Fr. Sibin Josy Nellissery
95. Rev. Fr. Sinu Cleetus Chamminikodath
96. Rev. Fr. Smijo George Kalathiparambil
97. Rev. Fr. Sonu Ambrose Ithithara
98. Rev. Fr. Stanley Mathirappilly
99. Rev. Fr. Thomas Shobin Kuttikkatt
100. Rev. Fr. Tijo Thomas Kolothumveettil
101. Rev. Fr. Titus Antony Kurisuveettil
102. Rev. Fr. Varghese Sojan Thoppil
103. Rev. Fr. Varghese Valiyaparambil
104. Rev. Fr. Vincent Naduvilaparambil
105. Rev. Fr. Vincent Variath
106. Rev. Fr. William Nellikkal
107. Rev. Fr. Zacharias Pavanathara

# ANNUAL RETREAT 2026

## JULY 26 - AUGUST 31

### Second Batch

1. Rev. Msgr Mathew Elanjimattom
2. Rev. Msgr Cletus Parambaloth
3. Rev. Fr. Abi Francis Durom
4. Rev. Fr. Albert George Xavier Kattukandathil
5. Rev. Fr. Alex Kurisuparambil
6. Rev. Fr. Allphin Antony Kochuveettil
7. Rev. Fr. Aloysius Thaiparambil
8. Rev. Fr. Alphin George Chakkungal
9. Rev. Fr. Alwin Paul Mattupurath
10. Rev. Fr. Anil Antony Theruvil
11. Rev. Fr. Anton Oliparambil
12. Rev. Fr. Antony Jefin Kattuparambil
13. Rev. Fr. Antony Jibin Kaimaleth
14. Rev. Fr. Antony Karippatt
15. Rev. Fr. Antony Kocherry
16. Rev. Fr. Antony Shine Kattuparambil
17. Rev. Fr. Antony Sijan Manuveliparambil
18. Rev. Fr. Ashish Augustin Thundiparambil
19. Rev. Fr. Augustine Baiju Kuttikkal
20. Rev. Fr. Bijoy Augustine Marottickal
21. Rev. Fr. Denny Palackaparambil
22. Rev. Fr. Ebin Jos Variath
23. Rev. Fr. Febin Joseph Kizhavana
24. Rev. Fr. Felix Chullickal

25. Rev. Fr. Francis Glanson Aruja
26. Rev. Fr. Francis Koikaranparambil
27. Rev. Fr. Francis Peediekal
28. Rev. Fr. Francis Xavier Thannikaparambil
29. Rev. Fr. George Kuruppath
30. Rev. Fr. George Mathirapilly
31. Rev. Fr. Gino George Kadungamparambil
32. Rev. Fr. Godson Antony Chamminikodath
33. Rev. Fr. Hiran Choolackal
34. Rev. Fr. Jayan Payyappilly
35. Rev. Fr. Jenin Antony Marottiparambil
36. Rev. Fr. Jenson Livera Ithithara
37. Rev. Fr. Jibin George Mathirappilly
38. Rev. Fr. Jilu Jose Mulloor
39. Rev. Fr. Jixon Johny Cheriyil
40. Rev. Fr. Job Vazhakoottathil
41. Rev. Fr. Jobin Panikulam
42. Rev. Fr. Joby Alappatt
43. Rev. Fr. John Christopher Vadassery
44. Rev. Fr. John Palliparambil
45. Rev. Fr. Joji Kuthukatt
46. Rev. Fr. Jose Dominic Chooreparambil
47. Rev. Fr. Josemon George Pazhanilath
48. Rev. Fr. Joseph Antony Palliparambil
49. Rev. Fr. Joseph Benny Karingat
50. Rev. Fr. Joseph Biju Kalloor
51. Rev. Fr. Joseph Biju Thattarassery

52. Rev. Fr. Joseph Chelat
53. Rev. Fr. Joseph Collins Elenjikal
54. Rev. Fr. Joseph Joshy Nedumparambil
55. Rev. Fr. Joseph Karikkassery
56. Rev. Fr. Joseph Oliparambil (Jr.)
57. Rev. Fr. Joseph Thoppil
58. Rev. Fr. Joseph Tony Karvalio Muringanath
59. Rev. Fr. Joseph Vakayil
60. Rev. Fr. Justin Attullil
61. Rev. Fr. Koshy Mathew Chellath
62. Rev. Fr. Kurian Maraparambil
63. Rev. Fr. Lal Antony Vaippissery
64. Rev. Fr. Lipin Jose Kooliyath
65. Rev. Fr. Lithin Jose Nedumparambil
66. Rev. Fr. Manoj Francis Marottickal
67. Rev. Fr. Manuel Lopez
68. Rev. Fr. Martin Thaiparambil
69. Rev. Fr. Martin Azhikkakath
70. Rev. Fr. Mathew Sojan Maliekal
71. Rev. Fr. Merton D'Silva Malieckal
72. Rev. Fr. Michael D'Cruz Arakal
73. Rev. Fr. Mixon Raphael Puthanparambil
74. Rev. Fr. Nibin Kuriakose Pappaliparambil
75. Rev. Fr. Nijin Joseph Kattiparambil
76. Rev. Fr. Nivin Nixon Puthukkada
77. Rev. Fr. Norbin Pazhampilly
78. Rev. Fr. Paulson Kottiyath

79. Rev. Fr. Paxon Francis Palliparambil
80. Rev. Fr. Peter Ambalathinkal
81. Rev. Fr. Peter Chakkalakal
82. Rev. Fr. Prasad Jose Kanapilly
83. Rev. Fr. Rajeev Jose Kainikat
84. Rev. Fr. Raphael Stinil Chanassery
85. Rev. Fr. Raymond Pallan
86. Rev. Fr. Renil Thomas Ittikkunnath
87. Rev. Fr. Rinoy Xavier Kalapurakkal
88. Rev. Fr. Rockey Joslin Chakkalakkal
89. Rev. Fr. Roshan Jacob Mulloor
90. Rev. Fr. Saju Antony Mundempilly
91. Rev. Fr. Sebastian George Adichiyil
92. Rev. Fr. Sebastian Sony Kalathil
93. Rev. Fr. Sebi Victor Thundiparambil
94. Rev. Fr. Shine Jose Chilangara
95. Rev. Fr. Shine Pauly Kalathil
96. Rev. Fr. Shinoj Raphael Arancherry
97. Rev. Fr. Sobin Stanlin Pallath
98. Rev. Fr. Sujith Stanly Naduvileveettil
99. Rev. Fr. Sunil Mudavassery
100. Rev. Fr. Thadeus Babu Vavakatt
101. Rev. Fr. Thomas Pulickal
102. Rev. Fr. Vimal Francis Pandaraparambil
103. Rev. Fr. William Charles Thaikkoottathil
104. Rev. Fr. Xavier Sajan Padiyaramparambil
105. Rev. Fr. Yesudas Pazhampilly

## NOTIFICATION - 5

The following Rev. Deacons of the Archdiocese of Verapoly were ordained Priests by His Excellency Rt. Rev. Dr. Antony Valungal at St. Francis Assisi Cathedral, Ernakulam on 30th April 2026.

1. Rev. Dn. Alan Antony Puthiyakulangara
2. Rev. Dn. George Romio Puthenpurakal
3. Rev. Dn. Peter Chakkalakal
4. Rev. Dn. Antony Jefin Kattuparambil

Ernakulam
10.05.2026

**Chancellor**
Archdiocese of Verapoly

## NOTIFICATION - 6

The following Rev. Brothers of the Archdiocese of Verapoly were ordained Deacons by His Excellency Rt. Rev. Dr. Antony Valungal at St. Francis Assisi Cathedral, Ernakulam on 16th April 2026.

1. Rev. Bro. Hannibal Shaji Vettuserry
2. Rev. Bro. Abin Vincent Kalathiveetil
3. Rev. Bro. Ezach A Karal Panakkal
4. Rev. Bro. Joseph Stebin Arayakulath

Ernakulam
10.05.2026

**Chancellor**
Archdiocese of Verapoly

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21